<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 633 06.02.2013 ലെ മറുപടിയ്ക്ക്

<u>കാരുണ്യ ചികിത്സാ പദ്ധതി പ്രകാരമുള്ള ധനസഹായം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ കാരുണ്യ ലോട്ടറിയുടെ വിറ്റുവരവിൽ നിന്നും എന്ത് തുക ലാഭമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ഇതുവരെയുള്ള ലാഭം ഏകദേശം 123.49 കോടി രൂപയാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ കാരുണ്യ ചികിത്സാ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ഇതിൽ എത്ര പേർ സഹായധനത്തിന് അർഹരാണ് വ്യക്തമാക്കാമോ ; | അർഹതയുള്ളവരും വിവിധ ജില്ലാകമ്മിറ്റികൾ ശുപാർശ ചെയ്തിട്ടുള്ളവരുമായ 7485 അപേക്ഷകളിൽ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചു |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര രോഗികൾക്ക് മുഴുവൻ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | അപേക്ഷയോടൊപ്പം ഹാജരാക്കുന്ന ചികിത്സാ എസ്റ്റിമേറ്റിൽ നിന്നും ചിസ്പ്ലസ് ആനുകൂല്യത്തിനർഹതയുള്ളവർക്ക് പ്രസ്തുത തുക കിഴിവ് ചെയ്ത് ബാക്കി തുക ലഭ്യമാക്കിയിട്ടുണ്ട്- ഡയാലിസിസ് രോഗികൾക്ക് അനുവദിച്ചിട്ടുള്ള തുക ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും ലഭിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് നാല് തവണകളായി ലഭ്യമാക്കുന്നുണ്ട്.പരമാവധി ചികിത്സാ സഹായം നൽകുന്നത് 2 ലക്ഷം രൂപയാണ്. ഡോകടറുടെ എസ്റ്റിമേറ്റ് |

| | | |
|---|---|---|
| | | അനുസരിച്ച് ജില്ലാ കമ്മിറ്റി ശുപാർശ ചെയ്യുന്ന തുക മുഴുവൻ സംസ്ഥാന കമ്മിറ്റി അനുവദിക്കുകയും ചെയ്യുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളവരും ഇതുവരെ ആനുകൂല്യം ലഭിക്കാത്തവരുമായ എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | പദ്ധതി വ്യവസ്ഥയനുസരിച്ച് ചികിത്സാ ധനസഹായത്തിന് അർഹതയുള്ളവരും ആവശ്യമായ രേഖകൾ സഹിതം യഥാസമയം അപേക്ഷ നൽകുകയും ചെയ്ത എല്ലാവർക്കും നടപടി ക്രമമനുസരിച്ച് സഹായ ധനം ചികിത്സ തേടാൻ ഉദ്ദേശിക്കുന്ന ആശുപത്രികളിലേക്ക് അനുവദിക്കുന്നുണ്ട്. |
| (ഇ) | കാരുണ്യ പദ്ധതി പ്രകാരം ചികിത്സ ചെലവിനായി ഇതുവരെ എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ? | 79.08 കോടി രൂപ അനുവദിച്ചു |

സെക്ഷൻ ഓഫീസർ